പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2603

09.07.2015 -ൽ മറുപടിക്ക്.

## കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.ശിവദാസൻ നായർ:** | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്ര സർക്കാർ അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിഹിതം വെട്ടിക്കുറച്ചത് മൂലമുണ്ടാകുന്ന കുറവ് നികത്താൻ സ്വീകരിച്ചിട്ടുള്ള അടിയന്തിര വിപണി ഇടപെടൽ എന്തെന്ന് വ്യക്തമാക്കുമോ ; | (എ) അരി, ഗോതമ്പ് എന്നിവയുടെ വിഹിതത്തിൽ ഇപ്പോൾ കുറവ് വരുത്തിയിട്ടില്ല. മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ 2015-16 ഏപ്രിൽ തുടങ്ങുന്ന ത്രൈമാസ വിഹിതത്തിൽ 600 കിലോ ലിറ്റർ കുറവ് വന്നിട്ടുണ്ട് എങ്കിലും നിലവിൽ റേഷൻ കാർഡുകൾക്ക് നല്കി വരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് വരുത്തിയിട്ടില്ല. |
| (ബി) കേന്ദ്രത്തിൽ നിന്നും ആവശ്യസാധനങ്ങൾക്ക് അഡ്ഹോക്ക് അലോട്ട്മെന്റ് നേടിയെടുക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | (ബി) അവശ്യ സാധനങ്ങളുടെ അലോട്ട്മെന്റിൽ കുറവുണ്ടാകുമ്പോൾ സംസ്ഥാന ഗവണ്മെന്റ് അടിയന്തരമായി ഇടപെടുകയും കേന്ദ്രത്തിൽ നിന്നും അഡ്ഹോക്ക് അലോട്ട്മെന്റ് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ